(സി) അച്ചടക്കം പാലിക്കുന്നതിനുവേണ്ടിയോ ആത്മരക്ഷക്കുവേണ്ടിയോ അല്ലാതെ ചെയ്യുന്ന ദേഹോപദ്രവം കരിക്കലും ന്യായീകരിക്കത്തക്കതല്ല.

(ഡി; ഇ) ലാക്കപ്പുകളിലെ പള്ളികളെ യാതൊരു കാരണവശാലും ദേഹോപദ്രവം ഏല്പിക്കരുതെന്നു് ഗവണ്മെണ്ടിൽനിന്നും കർശനമായ ഉത്തരവു് കൊടുത്തിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Sir, on a point of order. Part (c) of the question contains an insinuation. That cannot be allowed.

Mr. Speaker: That ought not to have been allowed.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഹരിപ്പാട്ടു ലാക്കപ്പിൽവച്ചു ഒരാൾ മരണമടഞ്ഞതിനെപ്പറ്റി അന്വേഷണം നടത്താൻ ആലപ്പുഴ ഡെപ്യൂട്ടി കലക്ടർ മി. എബ്രഹാമിനെ നിയമിച്ചിരുന്നോ?

ശ്രീ. സി. കേശവൻ: ഒരു പ്രാരംഭാന്വേഷണത്തിനുവേണ്ടിയാണു് അദ്ദേഹത്തെ നിയമിച്ചിരുന്നതു്. ഇപ്പോൾ അതിനെ സംബന്ധിച്ചു ഒരു പരസ്യാന്വേഷണം നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ലാക്കപ്പുമർദ്ദനം നടത്താൻ പാടില്ലെന്നു് ഗവണ്മെണ്ടിൽനിന്നും സക്കുലർ അയച്ചതിനുശേഷം പരാതികൾ കിട്ടിയിട്ടുണ്ടോ?

Mr. Speaker: The question is vague.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ലാക്കപ്പുമർദ്ദനം നടത്താൻ പാടില്ലെന്നു് ഗവണ്മെണ്ടിൽനിന്നും ഉത്തരവയച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങിനെ ഉത്തരവയച്ചതിനുശേഷം ലാക്കപ്പുമർദ്ദനം നടത്തിയതായി എവിടെനിന്നെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കപ്പുമർദ്ദനവിദഗ്ധന്മാരായ:—

Mr. Speaker: That is disallowed.

ശ്രീ. സി. കേശവൻ: പരാതികൾ കിട്ടിയിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കപ്പു മർദ്ദനത്തിൽ വൈദഗ്ധ്യം നേടുന്നതു് ഉദ്യോഗകയറ്റത്തിനു് മാനദണ്ഡമായി പൊലീസുകാർ കരുതിവരുന്നു എന്ന വിവരം ഗവണ്മെണ്ടിനു് അറിയാമോ?

Mr. Speaker: That again cannot be allowed.

ശ്രീ. എ. കെ. പാച്ചുപിള്ള: ലാക്കപ്പുമർദ്ദനങ്ങളെ സംബന്ധിച്ചു് എത്ര പരാതികൾ വന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു് നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ ഡെപ്യൂട്ടി കലക്ടർ ഗവണ്മെണ്ടിലേക്കു് റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: നോക്കിയാലെ പറയാൻ നിവൃത്തിയുള്ളു.

പ്രിവൻറീവു് ആൻറ് ഡിറ്റൻഷൻ ആക്ടു്

*൭൫൨. (൨൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രിവെൻറിവ് ആൻറ് ഡിറ്റൻഷൻ ആക്ട് അനുസരിച്ച് ഫ്രൻ 80-ൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) അവരിൽ ആരെയെങ്കിലും ജയിലിൽനിന്നു വിട്ടിട്ടുണ്ടോ;

(സി) അങ്ങനെ വിട്ടവരുടെ കൂട്ടത്തിൽ മുവാറ്റുപുഴക്കാർ ആരെങ്കിലും ഉണ്ടായിരുന്നോ;

(ഡി) മുവാറ്റുപുഴക്കാരെ മുവാറ്റുപുഴ ഉപതെരഞ്ഞെടുപ്പിനു് എത്ര ദിവസം മുമ്പാണു് വിട്ടതെന്നു് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടായിരുന്നു. അഡൈ്വസറി ബോർഡിൻെറ തീരുമാനമനുസരിച്ചു് മൂന്നുപേരെ വിട്ടിട്ടുണ്ടു്.

(ഡി) നാല് ദിവസം മുമ്പു്.

Sri. P. Balakrishnan Tampi: There is an insinuation in regard to part (d). The insinuation is that Government had been induced to set free.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രിവെൻറിവു് ഡിറ്റൻഷൻ ആക്ടനുസരിച്ചു് ഇപ്പോൾ എത്ര പേർ സെൻട്രൽ ജയിലിൽ ഉണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ആരുമില്ലെന്നാണു് തോന്നുന്നതു്. സൂക്ഷ്മായ നമ്പർ മുമ്പൊരിക്കൽ ഇവിടെ പറഞ്ഞിട്ടുണ്ടു്. ഇനിയും അറിയണമെങ്കിൽ ഒരു ചോദ്യമയച്ചാൽ അന്വേഷിച്ചു പറയാം.

പബ്ലിക്ക് മീറ്റിംഗ്

* ൭൫൩. (൨൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

ഗവൺമെൻറുദ്യോഗസ്ഥന്മാർ പബ്ലിക്ക് മീറ്റിംഗുകളിൽ പ്രസംഗിക്കുകയാണെങ്കിൽ അവരുടെ പ്രസംഗം മുൻകൂട്ടി ഗവൺമെൻറിനയച്ചുകൊടുത്തു് അനുവാദം വാങ്ങണമെന്നു് ഒരു സർക്കുലർ നിലവിലുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ നടപടികളെ നിയന്ത്രിക്കുന്ന ചട്ടങ്ങളിൽ ൫൪–ം, ൫൫–ം നിബന്ധനകളിലേക്കു് ക്ഷണിച്ചുകൊള്ളുന്നു. ആ നിബന്ധനകളുടെ ഒരു പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

ശ്രീ. കെ. ആർ. ഇലങ്കത്തു്: മെമ്പറന്മാരുടെ കയ്യിലില്ലാത്ത പുസ്തകങ്ങളെ റഫർചെയ്യുമ്പോഴെങ്കിലും മെമ്പറന്മാരുടെ അറിവിനായി ആ വിവരം സഭയിൽതന്നെ പറയുകയോ അതിൻെറ ഒരു പകർപ്പു് മേശപ്പുറത്തു വയ്ക്കുകയോ ചെയ്യേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: അതിൻെറ ഒരു പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടെന്നാണു് പറഞ്ഞതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പല ഉദ്യോഗസ്ഥന്മാരും ഗവൺമെൻറിൻെറ അനുവാദംകൂടാതെ പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതായി അറിയാമോ?

---

* Vide Appendix.

LIBRARY ARCHIVES Kerala Legislative Assembly